**മലങ്കര മാർത്തോമ്മാ സുറിയാനി സഭ**
**മാർത്തോമ്മാ സഭ ദിവ്യസംഗീത സംവേദന വിഭാഗം (DSMC) പ്രസിഡന്റ്**
**ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പായിൽ നിന്നും**

സർക്കുലർ നമ്പർ 01

*മലങ്കര മാർത്തോമ്മാ സുറിയാനി സഭയിലെ ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠരേ, ദിവ്യസംഗീത സംവേദന വിഭാഗം (DSMC) കേന്ദ്ര, ഭദ്രാസന, ശാഖാ ചുമതലക്കാരേ, സഭയിലെ ഗായക സംഘാംഗങ്ങളേ, ദൈവജനമേ, നിങ്ങൾക്കേവർക്കും ക്രിസ്തുയേശുവിൽ സ്നേഹവന്ദനം.*

കർത്താവിൽ പ്രിയരെ,

സഭയുടെ ആരാധനയിൽ സംഗീതത്തിന്റെ പ്രാധാന്യം നിസ്തുല്യമാണ്. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ ആരാധനയും സംഗീതത്തിൽ അധിഷ്ഠിതമാണല്ലോ. ദൈവജനത്തെ ആരാധനയ്ക്കായ് ഒരുക്കുന്നതിനും ആരാധന അർത്ഥപൂർണ്ണമാക്കി തീർക്കുന്നതിന് നേതൃത്വം നൽകുന്നതിനും ഇടവകയിലെ ഗായകസംഘങ്ങൾ ക്രമീകൃതമായി പ്രവർത്തിക്കുന്നതിന് പ്രോത്സാഹനവും പിന്തുണ നൽകുന്നതിനുമായി ആരംഭം കുറിച്ച പ്രസ്ഥാനമാണ് ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് ആൻഡ് കമ്മ്യൂണിക്കേഷൻസ്. സഭയുടെ സംഗീത സംവേദന വിഭാഗമായ ഈ സ്ഥാപനം നാളിതുവരെയും അതിന്റെ ശുശ്രൂഷ അനുഗ്രഹീതമായി നിർവ്വഹിച്ചു പോരുന്നു.

2024 മേയ് മാസം 26-ാം തീയതി ഞായറാഴ്ച സഭ ദിവ്യസംഗീത ഞായറാഴ്ചയായി വേർതിരിച്ചിരിക്കുകയാണ്. നമ്മുടെ എല്ലാ ഗായകസംഘങ്ങളെയും ഓർത്ത് പ്രാർത്ഥിക്കുന്നതിനും ഗായകസംഘാംങ്ങളെ ദൈവസന്നിധിയിൽ പുനർപ്രതിഷ്ഠ ചെയ്യുന്നതിനും ആയി ഈ ദിവസം വേർതിരിച്ചിരിക്കുന്നു. അന്നേദിവസം പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന ആരാധനക്രമം ആരാധനമദ്ധ്യേ ഉപയോഗിക്കുകയും ഗായകസംഘാംഗങ്ങളുടെ പ്രതിഷ്ഠാശുശ്രൂഷ നടത്തപ്പെടുകയും ചെയ്യണം. അന്നേദിവസം ലഭിക്കുന്ന സ്തോത്രകാഴ്ച മുഴുവനായും ഡി.എസ്.എം.സിയുടെ ഓഫീസിൽ നൽകി ഡി.എസ്.എം.സി.യുടെ പ്രവർത്തനങ്ങൾക്ക് കൈത്താങ്ങൽ നൽകുകയും ചെയ്യണമെന്ന് ഓർമ്മപ്പെടുത്തുന്നു.

ഡി.എസ്.എം.സി.യിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ വീഡിയോ ഓഡിയോ റെക്കോർഡിങ്ങ് സ്റ്റുഡിയോ, വീഡിയോ എഡിറ്റിംഗ് സൗകര്യം എന്നിവ കൂടാതെ പരിപാടികൾ തൽസമയം സംപ്രേഷണം ചെയ്യുന്നതിന് സൗകര്യം ഒരുക്കുന്ന മീഡിയ വിഭാഗം, സംഗീത പഠനത്തിനുള്ള അവസരം എന്നിവയും ഡി.എസ്.എം.സി ഒരുക്കുന്ന സൗകര്യങ്ങളാണ്. നമ്മുടെ സഭയുടെ സ്ഥാപനം എന്ന നിലയിൽ ഈ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുവാൻ എല്ലാ സഭാമക്കളും ശ്രമിക്കണം. ഇടവകതലത്തിൽ ഗായകസംഘം ചെയ്യുന്ന ശുശ്രൂഷ എടുത്തു പറയേണ്ടതാണ്. നേതൃത്വം നൽകുന്ന വികാരിയച്ചന്മാരെയും ചുമതലക്കാരെയും ഗായകസംഘാംഗങ്ങളെയും പ്രത്യേകം അഭിനന്ദിക്കുന്നു. നമ്മുടെ എല്ലാ ഗായകസംഘങ്ങളും എല്ലാ വർഷവും ഡി.എസ്.എം.സി. യിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിന് ശ്രദ്ധിക്കണം. അപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഗായകസംഘങ്ങൾക്കു മാത്രമേ ഇടവകയുടെ കൈസ്ഥാനസമിതിയിൽ പ്രാതിനിധ്യം ഉള്ളൂ. മാരാമൺ കൺവെൻഷൻ ക്വയർ, ഡി.എസ്,എം.സി. ക്വയർ എന്നിവയിൽ അംഗങ്ങളാകുന്നതിനും ഈ നിബന്ധന പാലിക്കണം. ഒരു ഗായകസംഘത്തിന്റെ കാലാവധി അഞ്ചുവർഷമാണ്. അഞ്ചാം വർഷം വീണ്ടും എല്ലാവരുടെയും ശബ്ദപരിശോധന നടത്തി പുതിയ ഗായകസംഘമായി രൂപീകരിക്കേണ്ടതാണ്. തദവസരത്തിൽ നിലവിലുള്ള ഗായകസംഘത്തിന്റെ കാലാവധി അവസാനിക്കുന്നതും ആയിരിക്കും. ഇടവകയിലെ അംഗങ്ങൾക്ക് പുതിയതായി ഗായകസംഘത്തിൽ അവസരം ലഭ്യമാകുന്നതിനുകൂടിയാണ് ഇപ്രകാരം ക്രമീകരിക്കുന്നത്. ഗായകസംഘത്തിന്റെ ഭാരവാഹികൾ ഒരു വർഷത്തേക്കാണ് തെരഞ്ഞെടുക്കപ്പെടുന്നത്. അപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ക്വയർ മാസ്റ്റർ അഥവാ ക്വയർ ലീഡർ ഇടവക കൈസ്ഥാനസമിതി അംഗം ആയിരിക്കുന്നതാണ്. ക്വയർ മാസ്റ്റർക്ക് എന്തെങ്കിലും ബുദ്ധിമുട്ടുള്ള പക്ഷം രേഖാമൂലം വികാരിയെ അറിയിക്കാവുന്നതും തൽസ്ഥാനത്തേക്ക് ഡി.എസ്.എം.സി. യുടെ ഭരണഘടന പ്രകാരം കൈസ്ഥാനസമിതിയിലേക്ക് മറ്റൊരാളെ തെരഞ്ഞെടുക്കാവുന്നതുമാണ്.

സംഗീതത്തിലൂടെ ദൈവികസാന്നിദ്ധ്യം പകരുവാൻ വിളിക്കപ്പെട്ടവരാണ് ഗായകസംഘാംഗങ്ങൾ. അത് ദൈവീക നിയോഗമായി തിരിച്ചറിയുവാനും ആരാധനാസംഗീതത്തിലൂടെ ദൈവദത്തമായ സംഗീതകല ദിവ്യമായി പരിപോഷിപ്പിക്കുവാനും അത് അനേകർക്ക് അനുഗ്രഹത്തിന് മുഖാന്തരം ആകുവാനും ദൈവം ഇടയാക്കുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ ആറു വർഷമായി ഡി.എസ്.എം.സി. യുടെ ഡയറക്റ്ററായി ചുമതല നിർവ്വഹിച്ച റവ. ആശിഷ് തോമസ് ജോർജ് സ്ഥലം മാറിപ്പോയ ഒഴിവിലേക്ക് റവ. ഉമ്മൻ കെ. ജേക്കബ് മേയ് മാസം 1 മുതൽ നിയോഗിതനാവുകും ചെയ്ത വിവരം ഏവരെയും അറിയിക്കുന്നു.

സംഗീതത്തിലൂടെയും സംവേദനത്തിലൂടെയും അർത്ഥപൂർണ്ണമായി നമ്മുടെ ദൗത്യം നിറവേറ്റുന്നതിനും, ആത്മനിറവോടും ഐക്യത്തോടുംകൂടെ നമ്മെ ഏൽപ്പിച്ച ഉത്തരവാദിത്തങ്ങൾ പൂർത്തീകരിക്കുന്നതിനും ദൈവരാജ്യത്തിന്റെ സുവിശേഷം സംഗീതത്തിലൂടെ പ്രഘോഷിക്കുന്നതിനും നമ്മുടെ കർത്താവ് യേശുമശിഹായുടെ രക്ഷാകര പദ്ധതിയിൽ സാക്ഷ്യപൂർവ്വം പങ്കുചേരുന്നതിനും ദൈവം നമ്മെ ശക്തീകരിക്കുമാറാകട്ടെ.

കർത്താവ് യേശുമശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഇരിക്കട്ടെ.

ക്രിസ്താബ്ദം 2024 മേയ് 03-ാം തീയതി തിരുവല്ല DSMC ഓഫീസിൽ നിന്നും

**ഡോ. ജോസഫ് മാർ ഇവാനിയോസ് എപ്പിസ്കോപ്പാ**
DSMC പ്രസിഡന്റ്

## മലങ്കര മാർത്തോമ്മാ സുറിയാനി സഭ

# ഡിപ്പാർട്ട്മെന്റ് ഓഫ് സേക്രഡ് മ്യൂസിക് & കമ്മ്യൂണിക്കേഷൻസ്

## ദിവ്യസംഗീത ഞായർ

## ആരാധനക്രമം

*(മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ അംഗീകാരത്തോടുകൂടിയുള്ളത്)*

### ആരാധനാഹ്വാനം

*യഹോവയെ സ്തുതിപ്പിൻ; യഹോവയുടെ നാമത്തെ സ്തുതിപ്പിൻ; യഹോവയുടെ ദാസരെ അവനെ സ്തുതിപ്പിൻ, യഹോവയുടെ ആലയത്തിലും നമ്മുടെ ദൈവത്തിന്റെ ആലയത്തിൻ പ്രാകാരങ്ങളിലും നിൽക്കുന്നവരേ യഹോവയെ സ്തുതിപ്പിൻ. യഹോവ നല്ലവനല്ലോ; അവന്റെ നാമത്തിന് കീർത്തനം ചെയ്‌വിൻ അതു മനോഹരമല്ലോ.* (സങ്കീ. 135:3)

**പ്രാരംഭഗീതം - ക്രീ.കീ: 16 - ശുദ്ധാ ശുദ്ധാ -**

**കൗമ**

**പ്രാരംഭ പ്രാർത്ഥന**

സകലചരാചരങ്ങളുടെയും സ്രഷ്ടാവും, സകലത്തിന്റെയും ഉടയവനും എല്ലാ സൃഷ്ടികളെയും പരിപാലിച്ച് നടത്തുന്നവനുമായ ഞങ്ങളുടെ പിതാവാം ദൈവമേ., ആരാധനയിലൂടെ നിന്റെ മഹത്വം വർണ്ണിക്കുവാനും അനുഭവിക്കുവാനും ഏറ്റുപാടുവാനും ഞങ്ങളെ നീ നിയോഗിച്ചിരിക്കുന്നുവല്ലോ. നിന്റെ പരിശുദ്ധിയെ ആഘോഷിക്കുവാൻ ബലഹീനരായ ഞങ്ങളുടെ അധരങ്ങളെ ശക്തീകരിക്കണമേ. ക്രൂശിലെ സഹനത്തിലൂടെയും, മരണത്തിലൂടെയും ഉയിർത്തെഴുന്നേൽപിലൂടെയും സൃഷ്ടിയെ വീണ്ടെടുത്ത അവിടുത്തെ പുത്രനായ യേശുക്രിസ്തുവിലൂടെ നിവർത്തിച്ച രക്ഷാപദ്ധതിയുടെ സദ്വാർത്ത, സംഗീതത്തിലൂടെ പ്രഘോഷിക്കുവാൻ ഞങ്ങളെ നീ വിളിച്ചിരിക്കുന്നുവല്ലോ. നിന്റെ സുവിശേഷത്തിന്റെ വാഹകരാകാൻ ഞങ്ങളെ തുണയ്ക്കേണമേ..

സകല സത്യത്തിലേക്കും ഞങ്ങളെ വഴി നടത്തുകയും, ആത്മാവിലും സത്യത്തിലും ആരാധിക്കുവാൻ ഞങ്ങളെ ശക്തീകരിക്കുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ ഞങ്ങൾക്ക് നൽകിയിരിക്കുന്നതിനായി ഞങ്ങൾ നിനക്ക് സ്തോത്രം കരേറ്റുന്നു. ഞങ്ങൾ നിന്നിൽ സന്തോഷിക്കുവാനും ഞങ്ങളുടെ താലന്തുകളെ കൃപയോടെ വിനിയോഗം ചെയ്യുവാനും ഞങ്ങളെ വിശുദ്ധീകരിക്കണമേ. എല്ലാ മഹത്വത്തിനും സ്തുതികൾക്കും, പുകഴ്ചയ്ക്കും യോഗ്യനായ ത്രിയേക ദൈവമേ, ഞങ്ങളുടെ അധരങ്ങളാൽ നിന്റെ നാമത്തെ സ്തുതിച്ച് മഹത്വപ്പെടുത്തുവാൻ ഞങ്ങൾക്ക് ശക്തി പകരണമേ. യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങളുടെ പ്രാർത്ഥന കേൾക്കുമാറാകണമേ... ആമേൻ

**അനുതാപപ്രാർത്ഥന**

ഓരോ അനുതാപ പ്രാർത്ഥനയ്ക്കും പ്രതിവാക്യമായി 'ഞങ്ങളോട് ക്ഷമിക്കണമേ' എന്ന് ഏറ്റുപറയാം.

1. ദൈവികദാനമായ താലന്തുകളും, നിയോഗങ്ങളും ദൈവഇഷ്ടത്തിനനുസരിച്ചും, ഞങ്ങളുടെ പ്രാപ്തിയ്ക്കനുസരിച്ചും ക്രിയാത്മകമായി ഉപയോഗിക്കാതിരിക്കുന്നതും, സംഗീത ശുശ്രൂഷയിലൂടെ ദൈവത്തെ മഹത്വപ്പെടുത്തേണ്ട ഞങ്ങൾ, ഞങ്ങളുടെ മഹത്വത്തെ പ്രകടമാക്കുവാൻ ദൈവദത്തമായ ഞങ്ങളുടെ താലന്തുകളെയും അവസരങ്ങളെയും ദുരുപയോഗം ചെയ്തതുമായ കുറവുകളെ ദൈവമേ...

പ്രതിവാക്യം - ഞങ്ങളോട് ക്ഷമിക്കേണമേ

2. ദൈവജനത്തിന്റെ ആത്മീയവർദ്ധനവിനും, ദൈവരാജ്യത്തിന്റെ കെട്ടുപണിക്കുമായി ഗാനശുശ്രൂഷ സാദ്ധ്യമായിത്തീരണമെന്നറിവ് ഞങ്ങൾക്കുണ്ടായിരിക്കെ, സ്വാർത്ഥതയും, അഹന്തയും, സഹവർത്തിത്വത്തിന്റെ അഭാവവും, ഞങ്ങളുടെ ശുശ്രൂഷയിൽ ഉളവാക്കിയ പോരായ്മകളേയും ബന്ധങ്ങളിലുണ്ടായ മുറിവുകളെയും ദൈവമേ...

പ്രതിവാക്യം - ഞങ്ങളോട് ക്ഷമിക്കേണമേ

3. ഗാനശുശ്രൂഷ ആരാധനയുടെ ഭാഗമാണെന്നറിഞ്ഞിട്ടും അതിനെ ഗണ്യമാക്കാതെ പോയതും, സത്യസുവിശേഷത്തിന്റെ സാക്ഷ്യത്തെ മുറുകെപ്പിടിക്കുവാൻ കഴിയാതെ പോയതും, ദൈവവചനധ്യാനത്തിനും, പ്രാർത്ഥനയ്ക്കും സമയം ഉപയോഗിക്കാതിരുന്നതുമായ കുറവുകളെ ദൈവമേ..

പ്രതിവാക്യം - ഞങ്ങളോട് ക്ഷമിക്കേണമേ

**സ്തോത്രപ്രാർത്ഥന**

ഓരോ സ്തോത്ര പ്രാർത്ഥനയ്ക്കും പ്രതിവാക്യമായി 'ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു' എന്ന് പറയണം.

1. ആഗോള ക്രൈസ്തവസഭയ്ക്കായും അതിന്റെ ഭാഗമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭയ്ക്കായും സഭയുടെ ആരാധനക്രമങ്ങൾ, സഭാ സംഗീതം എന്നിവയ്ക്കായും സംഗീതത്തിലൂടെ ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും നേതൃത്വം നൽകുന്നതിനും നിയോഗിക്കപ്പെട്ട പ്രാദേശിക ഇടവകകളിലെ ഗായകസംഘങ്ങൾക്കായും ദൈവമേ..

പ്രതിവാക്യം - ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

2. ദൃശ്യശ്രവ്യമാധ്യമങ്ങളിലൂടെയും വിവരസാങ്കേതിക വിദ്യയിലൂടെയും, മാറുന്ന ലോകത്തിൽ മാറ്റമില്ലാത്ത ദൈവീക ഇടപെടലുകളുടെ സന്ദേശം പങ്കുവെയ്ക്കുവാൻ ലഭിക്കുന്ന അവസരങ്ങൾക്കായും അതിന് നേതൃത്വം നൽകുന്ന ശുശ്രൂഷകർക്കായും ദൈവമേ..

പ്രതിവാക്യം - ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

3. ക്രൈസ്തവ ഗാനങ്ങളിലൂടെ ജീവിതസാക്ഷ്യം പങ്കിട്ടുതന്ന ഗാനരചയിതാക്കൾ, സംഗീതം ചിട്ടപ്പെടുത്തിയവർ, ഗായകർ, സാങ്കേതികസഹായം നൽകിയിട്ടുള്ളവർ എന്നിവർക്കായും, പ്രത്യേകിച്ച് മാർത്തോമ്മാ സഭയിലൂടെ സംഗീതശുശ്രൂഷ ഇന്ന് നിർവ്വഹിക്കുന്ന എല്ലാവർക്കായും, മാരാമൺ കൺവെൻഷനിലൂടെ നിർവ്വഹിക്കപ്പെടുന്ന സംഗീത ശുശ്രൂഷകൾക്കായും ദൈവമേ...

പ്രതിവാക്യം - ഞങ്ങൾ നിനക്ക് സ്തോത്രം ചെയ്യുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

ഓരോ പ്രാർത്ഥനയ്ക്കും പ്രതിവാക്യമായി 'ദൈവമേ ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു' എന്ന് പറയണം.

1. പ്രതിസന്ധികൾ നിറഞ്ഞ ഞങ്ങളുടെ സാമൂഹിക - രാഷ്ട്രീയ - സാംസ്കാരിക ആത്മീയ ഇടങ്ങൾക്കായും, ഭിന്നതകൾ, നീതിനിഷേധം, മതമൗലീകവാദം, മനുഷ്യത്വരഹിതമായ ഇടപെടലുകൾ എന്നിവ മൂലം കഷ്ടതയനുഭവിക്കുന്നവർക്കായും പ്രശ്നങ്ങളുടെ പരിഹാരങ്ങൾക്കായും ദൈവമേ...

പ്രതിവാക്യം - ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

2. യുദ്ധങ്ങളും സംഘർഷങ്ങളും ഉള്ള രാജ്യങ്ങൾക്കായും, അഭയാർത്ഥികൾ, യുദ്ധ കെടുതി അനുഭവിക്കുന്നവർ, സുരക്ഷിതത്വമില്ലാതെ ഭയനിഴലിൽ ജീവിക്കുന്നവർ എന്നിവർക്കായും, സമാധാന അന്തരീക്ഷത്തിനായി പ്രവർത്തിക്കുന്നവർ, സന്നദ്ധപ്രവർത്തകർ എന്നിവർക്കായും ദൈവമേ...

പ്രതിവാക്യം - ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു.

3. മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മെത്രാപ്പോലീത്താ, സഫ്രഗൻ മെത്രാപ്പോലീത്താമാർ, എപ്പിസ്കോപ്പാമാർ എന്നിവർക്കായും സഭയിലൂടെ അവർ നിർവ്വഹിക്കുന്ന എല്ലാ ശുശ്രൂഷകൾക്കായും ദിവ്യസംഗീതസംവേദന വിഭാഗത്തിനായും അതിന് നേതൃത്വം നൽകുന്ന ജോസഫ് മാർ ഇവാനിയോസ് എപ്പിസ്ക്കോപ്പായ്ക്കായും, മറ്റ് ചുമതലക്കാർക്കും പ്രവർത്തകർക്കായും ദൈവമേ...

പ്രതിവാക്യം - ഞങ്ങൾ നിന്നോട് അപേക്ഷിക്കുന്നു

**സമർപ്പണം** (എല്ലാവരും ചേർന്ന്)

ദൈവമേ, നീ സകലത്തിനും കർത്താവും, എല്ലാറ്റിന്റെയും ഉണ്മയുമാകുന്നുവല്ലോ. നിന്നിൽ ഞങ്ങൾ അഭയം കണ്ടെത്തുന്നു. ദൈവികവരദാനമായ സംഗീതത്തിലൂടെ നിന്നെ മഹത്വപ്പെടുത്തുവാൻ നൽകിയിരിക്കുന്ന ശുശ്രൂഷകൾക്കായ് ഞങ്ങളെ പൂർണ്ണമായി തിരുസന്നിധിയിൽ സമർപ്പിക്കുന്നു. ഞങ്ങളെ വിനയമുള്ളവരും, സ്നേഹമുള്ളവരുമായി രൂപാന്തരപ്പെടുത്തേണമേ. അവിടുന്നു ഞങ്ങളെ വിളിച്ചിരിക്കുന്നു എന്ന ബോദ്ധ്യം നിരന്തരം ഞങ്ങൾക്ക് നൽകേണമെ. നിന്റെ സ്തുതികൾ പാടുവാൻ ഞങ്ങളുടെ നാവുകളെയും അധരങ്ങളെയും ശബ്ദത്തെയും വിശുദ്ധീകരിക്കണമേ. നിന്റെ സത്യസുവിശേഷം ഞങ്ങളിലൂടെ ലോകത്തിന് പങ്കിടുവാൻ ഞങ്ങൾക്ക് പരിശുദ്ധാത്മദാനം പകരണമേ. ഞങ്ങളുടെ ശബ്ദവും ശ്വാസവും, സ്പന്ദനവും, എല്ലാം പൂർണ്ണമായി തിരുമുമ്പിൽ സമർപ്പിക്കുന്നു. ബലഹീനരായ ഞങ്ങളുടെ സമർപ്പണത്തെ നീ സ്വീകരിക്കേണമേ. ആമേൻ

## Special Song

നിങ്ങൾ പാടിയില്ലെങ്കിൽ
കല്ലുകൾ പാടുമെന്നരുളിയ വചനം
അത് തിരുനാമകീർത്തനം
പാടിടാം വാഴ്ത്തീടാം പ്രിയനാഥനെന്നുമേ
കീർത്തനങ്ങളോടെ നാം നന്ദിയേകിടാം (2)
ഹാലേലുയ്യ ഹാലേലുയ്യ

ഭൂവിൽ ലഭിച്ച ദാനമോർത്തിടിൽ
പാടും നാഥൻ കരവിരുതിൻ ഭംഗിയെ
ഒരുമയിൻ നാദമോടെ ചേർന്നു പാടിടാം
ദിവ്യസ്നേഹരാഗമായിടാം

കാലം മറ രാഗമോർത്തിടാം
സ്നേഹം പകർന്നു നന്മ ചെയ്തിടാം
കരുതിടാം ക്ഷമിച്ചിടാം സൗഖ്യമേകിടാം
സ്നേഹരാഗം ആലപിച്ചിടാം


DSMC
DEPARTMENT OF SACRED MUSIC
& COMMUNICATIONS
MALANKARA MAR THOMA
SYRIAN CHURCH
ദിവ്യ സംഗീത
ഞായർ

MALANKARA MAR THOMA SYRIAN CHURCH

DEPARTMENT OF SACRED MUSIC & COMMUNICATIONS

# MY PLEDGE TO MY GOD

...............................................

മാർത്തോമ്മാ ഇടവക ഗായക സംഘാംഗം ആയ

...............................................

എന്ന ഞാൻ യേശുവിനെ എന്റെ കർത്താവും രക്ഷിതാവും ആയി അംഗീകരിക്കുന്നു. ഗായക സംഘ അംഗത്വത്തിലൂടെ ദൈവരാജ്യ പ്രവർത്തനത്തിൽ പങ്കാളിയാകാനുള്ള ദൈവവിളി ഞാൻ സ്വീകരിക്കുന്നു. എന്റെ താലന്തുകൾ ദൈവദാനമെന്നുള്ള തിരിച്ചറിവിൽ ഞാൻ അവ വിനിയോഗിക്കും. ഗാനപരിശീലനങ്ങളിലും പള്ളി ആരാധനയിലും വിശുദ്ധ കുർബ്ബാനയിലും ഞാൻ ക്രമമായി പങ്കെടുക്കും. ഗായകസംഘത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉത്തരവാദിത്തപൂർവ്വം എന്റെ പങ്ക് നിർവ്വഹിക്കും. ഗായകസംഘശുശ്രൂഷയിലൂടെ ആരാധനയ്ക്ക് നേതൃത്വം നൽകാൻ ദൈവം എന്നെ വിളിച്ചിരിക്കുന്നു എന്ന ദർശനത്തിൽ ഞാൻ നിലനിൽക്കും. കർത്താവ് ഇതിന് എന്നെ സഹായിക്കട്ടെ.

പേര് ...............................................

ഒപ്പ് ...............................................

തീയതി ...............................................

**From Dr. Joseph Mar Ivanios Episcopa, President, DSMC**
**Circular No. 01.**

Malankara Mar Thoma Syrian Church's respected Clergy members, committee members, dedicated choir members, and all the children of God,

**Greetings in the name of Christ Jesus!**

The worship service of our Church is rooted in Biblical theology and enriched with musical expression, elevating worshippers to higher realms of spirituality and devotion. The Department of Sacred Music and Communications (DSMC) is tasked with preparing our congregation for worship and organizing our services in a systematic manner. I am delighted to acknowledge the blessed service provided by the DSMC throughout the years.

The DSMC provides modern facilities for audio and video recording, video editing, live telecasting, and offers music training. As an integral part of our Church, I encourage you to utilize these resources to the fullest extent. The dedication of each choir member to enhancing our worship experience is commendable.

I extend my congratulations to all vicars, office bearers, and choir members for their unwavering commitment. It is mandatory for all parish choirs to register with the DSMC annually. Only registered choirs will be eligible to send representatives to the 'Kaisthana Samithi'. This requirement also applies to those wishing to join the Maraman Convention Choir and DSMC Choir. The term for a Parish Choir is five years, after which a voice test will be conducted to form a new choir, allowing new members to participate. The term for the Parish Choir committee is one year, and the Choir Master or Choir Leader is eligible to become a member of the Parish 'Kaisthana Samithi'.

We have designated Sunday, May 26th, 2024, as Sacred Music Sunday, a day to pray for our choir members and dedicate them to God's service. A special offertory will be collected on this Sunday, and I urge you to send it to the DSMC office promptly to support its activities.

Choir members are chosen to share the presence of God through music and to encourage worshippers to participate in God's mission. I pray that the musical gifts of each member are nurtured and utilized to bless and grace many lives.

After six years of committed leadership, Rev. Ashish Thomas George has been transferred, and Rev. Oommen K Jacob has been appointed as the new Director, effective since May 1st, 2024.

May Almighty God help us fulfill our duties as choir members in spreading the Gospel through music and advancing His mission for the glory of God and the establishment of His Kingdom. May the grace of God Almighty be with you all.

From the Office of the Department of Sacred Music and Communications, dated May 2nd, 2024.

Dr. Joseph Mar Ivanios Episcopa, President, DSMC.

## Malankara Mar Thoma Syrian Church

# Department of Sacred Music & Communications

## Sacred Music Sunday - May 26, 2024

## *Order of Worship*

**(Approved by the Metropolitan of the Mar Thoma Church)**

### Call to Worship:

Praise the Lord. Praise the name of the Lord; Praise him, You servants of the Lord, You who minister in the house of the Lord, in the courts of the house of our God. Praise the Lord, for the Lord is good; sing praises to his name, for it is pleasant. (Psalms 135: 1 – 3).

**Opening Song:** Hymn **(*Holy holy holy..)***

**Prayer (*Kauma*)**

### Opening prayer:

Almighty God, we thank you for the gift of music and the songs that remind us of your love and mercy. As you have called us to be the light of the world, prepare us to enlighten the world around us. Thank you, Lord for bestowing us with diverse talents and opportunities to experience your worthiness. We adore your holy name for enabling us to sing songs of praise to you through music and worship. Weak as we are, O Lord, strengthen our hearts and minds so that we may magnify and exalt your holy name. You have called us to be messengers to proclaim your good news to the creation through music, songs, witness, and service. O Lord Jesus Christ, thank you for your gift of salvation through your suffering, death on the cross, and resurrection. We thank you O Lord for sending the Holy Spirit to be our helper, advocate, and guide. O Lord, lead us by the power of the Holy Spirit to worship you in spirit and truth, and to be true witnesses of your love. Triune God, you alone deserve all glory, honour, and praise. In Jesus' name we pray. Amen.

## Prayer of confession:

Let us come before our Lord with a repentant heart. For the following prayers of confession, our response shall be: **Forgive us, O Lord.**

1. Let us confess our shortcomings in utilising thegifts and talents God has bestowed on us. We confess that we have failed to use our talent of music for your glory and instead used it for our personal fame. We were called to nurture the spiritual growth of the people of God and help in the building of the church by working for the extension of God's kingdom. For all our shortcomings, let us together pray...

**Forgive us, O Lord.**

2. Lord, we failed to realise that our talents are a blessing from God and depended on our own abilities. We lived in selfishness and failed to consider others and the creation around us. For all our shortcomings, let us together pray…

**Forgive us, O Lord.**

3.Lord, even though we sing of your love, care, and mercy, we failed to love our fellow beings, forgive the ones who hurt us, and ignored our responsibility of helping the needy. For all our shortcomings, let us together pray…

**Forgive us, O Lord.**

4. Lord, we confess that sometimes we consider music more important than worship and neglect the purpose and content of worship, including its scriptural and theological foundations. For all our shortcomings, let us together pray…

**Forgive us, O Lord.**

## Prayer of thanksgiving:

"O give thanks to the Lord, for He is Good; and His steadfast love endures forever." After every prayer, let us sing, **'Give thanks with a grateful heart'.**

1. Let us thank God for the Malankara Mar Thoma Syrian Church and its witness to spread the Gospel. Let us also thankfully remember our heritage of worship and liturgies.

**‘Give thanks with a grateful heart’.**

2. Let us thank God for the songs that we sing to glorify and praise God in the different ministries of our church. Let us remember those who compose and sing melodious songs that renew our faith and hope in the Triune God.

**‘Give thanks with a grateful heart’.**

3. Let us thank God for audio and visual media, which are being used for the proclamation of salvation through Jesus Christ. Especially, let us remember the DSMC.

**‘Give thanks with a grateful heart’.**

## Intercessory prayer:

For each prayer, our response shall be: **We beseech You, O Lord.**

1. Let us pray for peace and harmony in the world, especially in conflict-ridden regions. Let us pray for the people who are in the context of crisis. Let’s pray that God’s peace prevails over these countries and situations. Let’s pray for the establishment of justice, peace, and the integrity of creation in the world. Let us pray for the removal of discrimination in our society based on caste, colour, and creed.

**We beseech You, O Lord.**

2. Let us pray for war-ravaged countries, especially Palestine, Israel, and Ukraine. Let us pray for refugees and those suffering due to war. Let us also pray for the leaders and people who are working hard for the restoration of peace…

**We beseech You, O Lord.**

3. Let us pray for the music ministry of the universal church and the ministry of the Malankara Mar Thoma Syrian Church through the DSMC. Let's pray for our Metropolitan Theodosius Mar Thoma, Suffragan Metropolitans, and Episcopas. Let's also pray for Joseph Mar Ivanios Episcopa, the president of DSMC, leaders, musicians, lyricists, and members of parish choirs, who work for the extension of God's kingdom through the music ministry.

**We beseech You, O Lord.**

## Prayer of dedication: *(All together)*

Gracious Lord, you are the Lord of Lords and King of Kings. We thank you for counting us worthy to stand before you and strengthening us to lift our voices to glorify your name. We find our refuge in you alone. We submit ourselves in your holy presence, so that we may praise and glorify you through our services, using the gift of music that you have given us. May we live a life of humility, considering each other in every walk of life. Make us humble and loving in all that we do. May we always be mindful that we have been called by you for a specific purpose. Sanctify our hearts, minds, tongues, lips, and voices, so that we may sing praises to you, O Lord. Shower us with the blessings of your Holy Spirit, so that we may be able to share the truth of the Gospel with everyone. We submit our body, mind, and spirit completely into your presence. Please accept us and bless us as we dedicate ourselves to your mission and ministry. Amen.

Let us sing together the hymn 'Just as I am'.

Just as I am-without one plea,
But that Thy blood was shed for me,
And that Thou bidd'st me come to Thee
O Lamb of God, I come, I Come!

Just as lam-Thy love unknown
Has broken every barrier down;
Now to be Thine, yea. Thine alone,
O Lamb of God, I come, I Come!

~~~~**~~~~
~~~~

MALANKARA MAR THOMA SYRIAN CHURCH

DEPARTMENT OF SACRED MUSIC & COMMUNICATIONS

DSMC

# MY PLEDGE TO MY GOD

I ............................................

Member of the

............................................

Mar Thoma Church Choir accept Jesus Christ as my Lord and Saviour.

By being a member of the church choir adhere to the call of God. I am aware of the fact that my talents are gifts from God and I should use them for the glory of his kingdom. I will regularly participate in all choir practices, church worship and Holy communion.

I will whole heartedly participate in all activities of the church choir and discharge my duties faithfully.

I will always stand firm by God and strive untiringly to fullfil God's purpose through me. Let God Almighty be with me, help me and strengthen me to carry out my duties.

Name ..........................................

Signature ....................................

Date ...........................................